# ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

# വെള്ളത്തുവൽ

# മാസ്റ്റർ പ്ലാൻ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ വെള്ളത്തൂവൽ |
| | വിലാസം | വെള്ളത്തൂവൽ പി ഒ,വെള്ളത്തൂവൽ ഇടുക്കി |
| | ഫോൺ | 04864276213 |
| 2. | സ്കൂൾ കോഡ് | 29038 |
| 3. | വിദ്യാഭ്യാസ ഉപജില്ല | അടിമാലി |
| 4. | വിദ്യാഭ്യാസ ജില്ല | തൊടുപുഴ |
| 5. | റവന്യൂ ജില്ല | ഇടുക്കി |
| 6. | ബി ആർ സി | അടിമാലി |
| 7. | സി ആർ സി | വെള്ളത്തൂവൽ |
| 8. | ഗ്രാമ പഞ്ചായത്ത് | വെള്ളത്തൂവൽ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | അടിമാലി |
| 10. | ജില്ലാപഞ്ചായത്ത് | ഇടുക്കി |
| 11. | നിയമസഭാമണ്ഡലം | ദേവികുളം |
| 12. | ലോക സഭാമണ്ഡലം | ഇടുക്കി |
| 13. | താലൂക്ക് | ദേവികുളം |
| 14. | വില്ലേജ് | വെള്ളത്തൂവൽ |
| 15. | ഇ-മെയിൽ | 29038ghsvellathooval@gmail.com |

# ആമുഖം

ഇടുക്കി ജില്ലയിലെ ആദ്യകാല സ്കൂളുകളിലൊന്നും ഹൈറേഞ്ചിലെ ആദ്യത്തെ  ഹൈസ്കൂളുമാണ് വെള്ളത്തൂവൽ ഗവ.ഹൈസ്കൂൾ.1950 ൽ ഗണപതി സ്വാമി എന്ന കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയറാണ് സ്കൂൾ ആരംഭിക്കുന്നതിന് മുൻകൈ എടുത്തത്.ചെങ്കുളം പവർ ഹൗസിലെ ഉദ്യോഗസ്ഥരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പൂപ്പാറ അടിമാലി റോഡിൽ  വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിൽ ചെങ്കുളം പന്നിയാർ പവ്വർ ഹൗസുകൾക്ക് സമീപത്തായി ആരംഭിച്ച ഈ സ്കൂൾ 75 വർഷം പിന്നിട്ടിരിക്കുന്നു.ഒന്നിലധികം ഡാമുകളും പവ്വർഹൗസുകളും വൈദ്യുതി ഉൽപ്പാദനത്തിന് വേണ്ടിയുള്ള ജലവാഹകരായ കൂറ്റൻ പെൻസ്റ്റോക്കുകളും,മുതിരപ്പുഴയാറും വെളുത്ത തൂവലുകൾ നിരത്തി പതഞ്ഞൊഴുകുന്ന കുഞ്ഞരുവിയും സ്കൂൾ അന്തരീക്ഷത്തെ ഹരിത സുന്ദരമാക്കുന്നു.

## ചരിത്രം

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമത്തിൽ 1950 ൽ ചെങ്കുളം ഇൻസ്പെക്ഷൻ ബംഗ്ലാവിന് സമീപമുള്ള ക്വാർട്ടേഴ്സിൽ എൽ പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു.തുടർന്ന് ചെങ്കുളം പവ്വർഹൗസിന്റെ നിർമ്മാണ ഘട്ടത്തിൽ ഒാഫീസായി ഉപയോഗിച്ച് കൊണ്ടിരുന്ന കെട്ടിടത്തിലേക്ക് 1952 ൽ സ്കൂൾ പ്രവർത്തനം മാറ്റി. ജെ ചന്ദ്രിക എന്ന കുട്ടിക്ക് ആദ്യ അഡ്മിഷൻ നൽകിക്കൊണ്ട് 11 കുട്ടികളുമായി സ്കൂൾ പ്രവർത്തനം ആരംഭിച്ചു.കെ എസ് ഇ ബി  ശമ്പളം കൊടുത്തു നിയമിച്ച കെ കെ വി എന്ന വേലായുധൻ സാറായിരുന്നു ആദ്യ അധ്യാപകൻ .ശ്രീ ഗണപതി സ്വാമി എന്ന അസിസിറ്റന്റ് എഞ്ചിനീയറാണ് സ്കൂൾ ആരംഭിക്കുന്നതിന് മുൻകൈ എടുത്തത്.

വിദ്യാഭ്യാസ സൗകര്യം തെല്ലും ഇല്ലാതിരുന്ന വെള്ളത്തൂവൽ ഗ്രാമത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചതറിഞ്ഞ ഈ മേഖലയിലെ കർ ഷകതൊഴിലാളികളുടെ കുട്ടികളും സമീപ സ്ഥലങ്ങളായ പണിക്കൻകുടി,അടിമാലി,പൊൻമുടി,രാജാക്കാട്,കൊന്നത്തടിഎന്നിവിടങ്ങളിലുള്ള കുട്ടികളും ഇവിടേക്ക് എത്തിത്തുടങ്ങി.1958 ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു.നാരായണൻ ചെട്ടിയാർ,കെ ജെ മാത്യു,ജോൺസൺ,നൈനാൻ,കരുണാകരൻ തുടങ്ങിയ പ്രധാന അധ്യാപകർ സ്കൂളിനെ ഉന്നതിയിലേക്ക് നയിച്ചവരിൽ പ്രധാനികളാണ്.എൻ.സി.സി,സ്കൗട്ട്,ലൈബ്രറി,സിനിമ പ്രോജക്റ്റ്,ബാൻഡ് ടീം,സ്പോർട്സ് ക്ലബ്ബ് ,ബാസ്കറ്റ് ബോൾ കോർട്ട്,ബാഡ്മിന്റൺ കോർട്ട് എന്നിവ ഇവിടെ പ്രവർത്തിച്ചിരുന്നു.കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതോടെ കെട്ടിട സൗകര്യം തികയാതെ വന്നു.ഈ സാഹചര്യം അധികാരികളുടെ ശ്രദ്ധയിൽകൊണ്ടു വരികയും എട്ടേക്കർ സ്ഥലം  സ്കൂളിന്

കെ എസ് ഇ ബി വിട്ടുനൽകി.ഇവിടെ രണ്ട് ലൈൻകെട്ടിടങ്ങൾ നിർമ്മിച്ച് സ്കൂൾ പ്രവർത്തനം വിപുലമാക്കി.ഈ കാലഘട്ടത്തിൽ രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പഠന സൗകര്യം ഉപയോഗപ്പെടുത്തിയിരുന്നു.

എൺപതുകളോട് കൂടി സമീപ സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥപിക്കപ്പെടുകയും ഇവിടേക്കുള്ള അഡ്മിഷനുകളിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തു.തുടർന്ന് ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചു.ഹയർസെക്കണ്ടറി വിഭാഗത്തിൽ ശ്രദ്ധേയമായ വിജയവും ഹൈസ്കൂൾ വിഭാഗത്തിൽ എസ് എസ് എൽ സി പരീക്ഷകളിൽ 2005 മുതൽ 100 ശതമാനം വിജയവും കരസ്ഥമാക്കി സ്കൂളിന്റെ പഠനാന്തരിക്ഷം മെച്ചപ്പെട്ട നിലയിൽ തുടരുന്നു.ബഹുമാനപ്പെട്ട ദേവികുളം എം എൽ എ ശ്രീ എസ് രാജേന്ദ്രൻ അവർകളുടെ വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ്സ് അനുവദിച്ചത് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തി.അദ്ദേഹത്തിന്റെ നിർലോഭമായ സഹായം വീണ്ടും സ്കൂളിന് ലഭ്യമാക്കുകയും മൂന്ന് ക്ലാസ്സ് മുറികൾ 25 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ ഫണ്ടുകളുപയോഗിച്ച് പാചകപ്പുരയും,ലൈബ്രറി,സയൻസ്-ലാബ് കെട്ടിടം എന്നിവ നിർമ്മിച്ചതും സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്താൻ സഹായിച്ചു.

## ലക്ഷ്യങ്ങൾ

1.ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
2.അക്കാദമിക് മികവിന് രൂപീകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3.5 മുതൽ 12-)0 ക്ലാസ്സുവരെ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപപ്പെടുത്തുന്നു.
4.പഠന-പാഠ്യേതര പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.

### വിദ്യാലയം - മികവിന്റെ കേന്ദ്രം:-

### കാഴ്ചപ്പാട്

1.പാഠ-പാഠാനുബന്ധ  പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2.ശുചിത്വം,സ്നേഹം,ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിന് വേണ്ടിയുള്ള സാഹചര്യം ഒരുക്കുന്നു.
3.പ്വാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
4.പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയുടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1.എസ് ആർ ജി യോഗത്തിൽ  സ്കൂൾ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2.വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതിക-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരട് രൂപ രേഖ തയ്യാറാക്കൽ.

3.കരട് രൂപരേഖ SRG,SMC,PTA,SMDC,OSA,രാഷ്ട്രീയ സംഘടനാപ്രതിനിധികൾ ,ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4.ശില്പശാലയിൽ ഉന്നയിക്കപ്പെടുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

### എ.  ഭൗതികം - നേട്ടങ്ങൾ

1.എം എൽ എ ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ച മന്ദിരത്തിലെ മൂന്ന് ക്ലാസ്സ്റൂമുകളിൽ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ.ടൈൽ വർക്ക് ,ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ നടന്നുവരുന്നു.

### ബി. ഭൗതികം - പരിമിതികൾ

1.ഓഫീസ്,സ്റ്റാഫ് റൂം,ലബോറട്ടറി,ലൈബ്രറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങളില്ല.

2.സ്മാർട്ട് ക്ലാസ് റൂമുകളുടെ അഭാവം

3.ലബോറട്ടറി ഉപകരണങ്ങളുടെ അഭാവം

4.ചുറ്റമതിൽ പൂർണ്ണമല്ല.

5.കളിസ്ഥലത്തിന്റെ അഭാവം

6.വേനൽക്കാലത്ത് ശുദ്ധജലത്തിന്റെ അഭാവം

7.ഭോജന ശാലയില്ല

8.ദൂരെ സ്ഥലത്ത് നിന്ന് ജോലിക്കെത്തുന്ന അധ്യാപകർക്ക് താമസ സൗകര്യങ്ങളുടെ അഭാവം

9.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമല്ല-(ലൈബ്രറിയിൽ)

10.ആകർഷകമായി പൂന്തോട്ടം നിർമ്മിക്കണം

11.ജൈവ വൈവിദ്ധ്യപാർക്കിന്റെ പണി പൂർത്തിയാക്കണം

12.ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും വളരെയകലെയുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹയർസെക്കണ്ടറി വിഭാഗം

13.ഓപ്പൺ സ്റ്റേജിന്റെ അഭാവം.

**ബി. അക്കാദമികം**

**നേട്ടങ്ങൾ**

1.തുടർച്ചയായ വർഷങ്ങളിൽ HS&HSS വിഭാഗത്തിൽ ഉന്നതവിജയം.

2.വിശാലമായ ഹരിതാഭമായ ക്യാമ്പസ്

3.ശബ്ദ കോലാഹലങ്ങളില്ലാത്ത വിദ്യാലയ അന്തരീക്ഷം

4.എല്ലാവിഷയങ്ങൾക്കും സ്ഥിര അധ്യാപകർ

5.സ്തുത്യർഹമായി പ്രവർത്തിക്കുന്ന എൻ എസ് എസ് ,സൗഹൃദ കരിയർ യൂണിറ്റുകൾ

6.എക്കോ ക്ലബ്ബ്,ജൈവ വൈവിദ്ധ്യപാർക്ക്,മാത്സ് ക്ലബ്ബ്,ഐ റ്റി ക്ലബ്ബ് ,സോഷ്യൽസയൻസ് ക്ലബ്ബ്,ഹിന്ദി ക്ലബ്ബ്,പാർലമെന്ററി ക്ലബ്ബ്,ലിറ്ററി ക്ലബ്ബ്,എന്നിവ  സ്തുത്യർഹമായി പ്രവർത്തിക്കുന്നു.

7.സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിനായി ഒരു വിദ്യാർത്ഥിക്ക് സെലക്ഷൻ നേടാൻ കഴിഞ്ഞു.

8.മുൻവർഷങ്ങളിൽ മികച്ച എൻ എസ് എസ് പ്രോഗ്രാം ഓഫീസർ,എൻ എസ് എസ് യൂണിറ്റിന്റെ പ്രിൻസിപ്പൽ എന്നീമേഖലകളിലുള്ള മികവിന് സർക്കാരിൽ നിന്ന് അവാർഡുകൾ ലഭ്യമായി.

9.ജില്ലയിലെ മികച്ച കൊമേഴ്സ് അധ്യാപകനുള്ള കൊമേഴ്സ് ഫോറത്തിന്റെ അവാർഡ് ഈ സ്കൂളിലെ അധ്യാപകൻ ശ്രീ രാജൻ തോമസിന് ലഭ്യമായി.

**(സി) അക്കാദമികം**

**പരിമിതികൾ**

1.വിവിധ മത്സരപരീക്ഷകളിലെ മികവ് വർദ്ധിപ്പിക്കുന്നു.

2.സ്കൂൾ ഗ്രന്ഥശാല നവീകരണം

3.ലബോറട്ടറികൾ ആധുനികവൽക്കരിക്കണം.

4.ക്ലാസ് ലൈബ്രറികൾ ക്രമീകരിക്കണം

5.കലാ-കായിക പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാക്കണം.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • വായന പരിപോഷണം | • ഓഫീസ് മുറി | • പി റ്റി എ ശക്തിപ്പെടുത്തൽ |
| • ഭാഷാശേഷി വികസനം | • ക്ലാസ്സ് മുറികൾ | • എസ് എം സി കാര്യക്ഷമമാക്കൽ |
| • ലൈബ്രറി ശാക്തീകരണം | • ചുറ്റമതിൽ,ഗേറ്റ് | • വിദ്യാലയ വികസന സമിതി |
| • ഭാഷാ ലാബ്<br>• രചനാ ശില്പശാല | • വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • മൾട്ടി മീഡിയ റൂം | • എസ് എസ് ജി |
| • നാടക കളരി | • ലൈബ്രറി | • ഗ്രന്ഥശാലകൾ,ക്ലബ്ബുകൾ |
| • സാഹിത്യ പരിപോഷണ പരിപാടി | • അടുക്കള | • സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ സേവനം |
| • ഗണിതശേഷി വികസനം | • ഡൈനിംഗ് ഹാൾ | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • ലബോറട്ടറി ആധുനികവത്കരിക്കൽ | • അസംബ്ലി ഹാൾ | • റിസോഴ്സ് മാപ്പിംഗ് |
| • ഗവേഷണാത്മക പ്രവർത്തനങ്ങൾ | • കുടിവെള്ള വിതരണം | • പ്രാദേശിക പി ടി എ |
| • ജൈവവൈവിദ്ധ്യ പാർക്ക് | • ഭാഷോത്സവം | • ഭവന സന്ദർശനം |
| • പ്രവൃത്തി പരിചയ | • ഗണിതോത്സവം | |

| | | |
|---|---|---|
| പഠനം | | |
| • ശാസ്ത്രാഭിരുചി വളർത്തൽ | • ചിത്ര രചന | |
| • പഠനയാത്രകൾ | • മാലിന്യ സംസ്കരണം | |
| • സെമിനാറുകൾ | • ജന്മദിനത്തിനൊരു പുസ്തകം | |
| • കലാ -കായിക മേള | • എന്റെ വീട്ടിലും കൃഷിത്തോട്ടം | |
| • ഐ ടി പരിശീലനം | • എന്റെ ചെടി ,എനിക്കും പറയാനുണ്ട് | |
| • പാവനാടക പരിശീലനം പരിപാടികൾ | | |
| • ക്ലാസ് പി ടി എ സജീവമാക്കൽ | | |
| • സ്കൂൾ പത്രം/മാസിക | | |
| • എസ് ആർ ജി ശാക്തീകരണം | | |
| • പച്ചക്കറി തോട്ടം | | |
| • അഭിമുഖങ്ങൾ | | |
| • ദിനാചരണങ്ങൾ | | |
| • മെഡിക്കൽ ക്യാമ്പ് | | |
| • കായിക പഠനം | | |

| | | |
|---|---|---|
| • ഗണിതലാബ്,ഗണിതാന്തരീക്ഷം ഒരുക്കൽ | | |
| • ബ്ലോഗ് | | |
| • സ്കൂൾ റേഡിയോ | | |

# മേഖല യു പി- മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | മലയാളം അക്ഷരങ്ങൾ , വാക്കുകൾ , വാക്യങ്ങൾ എന്നിവ അടിസ്ഥാനമായി പഠിപ്പിക്കുക, അതിലൂടെ പദസമ്പത്ത് വളർത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | ശബ്ദ കാർഡുകൾ, ചാർട്ടുകളിൽ അക്ഷരങ്ങളും വാക്കുകളും എഴുതി ഉച്ചത്തിൽ പറയിപ്പിക്കുക. ഉച്ചരിക്കുന്നതിലൂടെ അക്ഷര സ്ഫുടത  വളർത്തുന്നു | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ | |
| 2. | വായനാ പരിചയം, വായനാശീലം വളർത്തുക | വായനാ ദിവസം  കഥാപുസ്തകങ്ങൾ, പത്രം ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും അതിലൂടെ വായനാ ശീലവും ഉച്ചാരണ ശുദ്ധിയും വളർത്തുന്നു. വായനാ ആഴ്ചപരിപാടികൾ സംഘടിപ്പിക്കുന്നു.ലൈബ്രറി പുസ്തകങ്ങൾ നൽകുകയും കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടാനും വായന | വർഷം തോറും | | |

| | | | | | |
|---|---|---|---|---|---|
| | | എന്ന കല പരിപോഷിപ്പിക്കാനും സാധിക്കുന്നു. | | | |
| 3. | പഠിതാക്കളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | സാഹിത്യകാരൻമാർ, എഴുത്തുകാർ എന്നിവരുമായി ഒരു അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടക അവതരണം, കാഥാപാത്ര വേഷ ധാരണം, ചിത്രരചന, കവിത ചൊല്ലൽ എന്നിവ സ്കൂൾതല പരിപാടിയിലും അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു | | | |
| 4 | ഭാവവിവരണം | മലയാളം ക്ലബ്ബ് ക്ലാസ്സിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും കൂടി ഉൾ പ്പെടുത്തി കഥ അവതരണം, സ്കിറ്റ്, കവിത ചൊല്ലൽ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| 5 | ഭാഷാ പാഠങ്ങൾ, കത്തുകൾ എഴുതൽ , ഔപചാരിക എഴുത്തിൻറെ | ഔപചാരിക എഴുത്തുകൾ പഠിതാവിന് മനസ്സിലാക്കി കൊടുക്കുന്നു. സ്കാറ്റൂൾ ലേഖനം, ഗെയിമുകൾ കാർഡുകൾ ഭാഷാ പഠനത്തിന് | | | |

| | | | | | |
|---|---|---|---|---|---|
| | രൂപം മനസ്സിലാക്കുക | ഉപയോഗിക്കുന്നു. | | | |
| 6 | ആശയ വിനിമയം പരിപുഷ്ടമാക്കുക | ആശയ വിനിമയം വളർത്തുന്നതിന് രചനകൾ, പ്രസംഗം, അനുഭവ വിവരണം, ഡിബേറ്റ്, ചോദ്യോത്തരം, സംഘചർച്ച എന്നിവ പഠിതാക്കളെക്കൊണ്ട് ചെയ്യിപ്പിക്കുന്നു. | ആവശ്യാനുസരണം | മലയാളം അധ്യാപകൻ | |
| 7 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കുക. | എല്ലാ വിധ പഠിതാക്കളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുന്നതിനുള്ള അവസരം കൊടുക്കുകയും അതുവഴി കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തിയെടുക്കുകയും ചെയ്യുന്നു. സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷൽ ഒരു പ്രാവശ്യം | | |
| | | | | | |

മേഖല-യു പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear-ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോൽസാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follo me if you can!ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾറെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണംറെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു.തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു.ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br><br>One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോൽസാഹനം നൽകുന്നു.<br><br>I Too Can!!വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.<br><br>Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>F.M.Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | വർഷത്തിൽ ഒരു തവണ<br><br>ഒക്ടോബർ<br><br>ജൂലൈ<br><br>സെപ്തംബർ<br><br>ടേമിൽ ഒരു തവണ<br><br>മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br><br>Alert Zone സൂചന | വർഷാവസാനം<br><br>ദിനാചരണങ്ങ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ബോർഡുകൾ,പോസ്റ്ററുകൾ,നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലുമായി പ്രദർശിപ്പിക്കുന്നു.<br><br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു.ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു.ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Fun time Funda<br>കടംകഥകൾ,കുസൃതിച്യോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ളിൽ<br><br>ഫെബ്രുവരി<br><br>എല്ലാഇംഗ്ലീഷ് പീരീഡും | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ള രക്ഷിതാക്കളെയും,സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു.<br>5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ,പ ി ടി എ ഭാരവാഹികൾ | |

മേഖല : യു.പി ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. | :-കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രിറ്റെസ്റ്റ് നടത്തുന്നു .<br><br>:-ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക,ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച , മാസം എന്നിവയുടെ ദൈനംദിന അവതരണം.<br><br>:-പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പസിലുകൾ , ICT മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം.<br><br>:-ഹിന്ദിയിലുള്ള കവിതകൾ ,കഥകൾ, എന്നിവ വായിപ്പിക്കുക | ജൂൺ ആദ്യ വാരം<br><br>പ്രതിദിനം<br><br>ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | :-ഹിന്ദിയിലുള്ള കവിതകൾ ,കഥകൾ, എന്നിവ വായിപ്പിക്കുക | | | |
| 2 | ഉച്ചാരണം പഠിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | :-പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക.ഹിന്ദി യിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.<br><br>:-ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം .ഹിന്ദി ഡോക്യുമെൻററി, സിനിമ കാണാനുള്ള അവസരം ,വാർത്ത കൾ കാണാനുള്ള അവസരം. | പ്രതിദിനം | ഹിന്ദി അധ്യാപിക | ,, |
| 3 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധി പ്പിക്കുന്നു. | കഥ വായന ,കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു . | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | ,, |
| 4 | മാതൃഭാഷയെ പ്പോലെ ഹിന്ദിയും നിർഭയംകൈകാ ര്യം ചെയ്യാൻ പ്രാപ്ത രാക്കുക . | പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യ കാരന്മാരുടെ കഥകൾ,സിനിമകൾ എന്നിവ കാണി ക്കാൻ അവസരം നൽ കുന്നു. | | | ,, |
| 5 | വിവർത്തകർ ,വാർ ത്ത വായനക്കാർ | പ്രശസ്തരായ ജേർണലിസ്റ്റുകളുടെ | അക്കാദമി ക വർഷം | ഹിന്ദി അധ്യാപിക | ,, |

| | | | | | |
|---|---|---|---|---|---|
| | ,ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലിസാധ്യതകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക. | അഭിമുഖങ്ങൾ ,വാർത്തവായന എന്നിവ സഹായത്തോടെ ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു . | | | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

Scanned with OKEN Scanner

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

## മേഖല :യു .പി. സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേയ് ക്ക് (അങ്കത്തട്ട്)- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഓരോ കുട്ടിക്കുമുള്ള അടിസ്ഥാന അറിവ് പരിശോധിക്കുന്നു. | അക്കാദമിക വർഷാരംഭം( ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2. | ജനാധിപത്യപരമായ ജീവിത സമീപനംരൂപപ്പെടുത്തുക. | ഗ്രാമസഭ,വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 3. | ചരിത്രാവബോധം സൃഷ്ടിക്കൽ | എെ സി ടി സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോകളും ചിത്രങ്ങളും വിവരണങ്ങളും കാണിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് | പ്രകൃതി ദുരന്തങ്ങളായ കൊടുങ്കാറ്റ്, പ്രളയം , | ആഗസ്റ്റ്, സെപ്റ്റം | സാമൂഹ്യശാസ്ത്രക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | മനസ്സിലാക്കുന്നതിനും,രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും തയ്യാറാക്കൽ | ഉരുൾ പൊട്ടൽ, വരൾച്ച, സുനാമി എന്നിവയുടെ വീഡിയോകളും ചിത്രങ്ങളും ഐ. സി റ്റിയുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു. വിദഗ്ധരുടെ സഹായത്തോടെ വേണമെങ്കിൽ ഡെമോൺ സ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. കലിതുള്ളിയ പ്രകൃതി, നേർക്കാഴ്ച | ബർ, ഒക്ടോബർ | | |
| 5. | സുസ്ഥിര വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കൽ | ഫീൽഡ് ട്രിപ്പ്, സർവ്വേ കണ്ടൽക്കാടുകൾ, കാവുകൾ, തണ്ണീർത്തടങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 6. | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ | സുരക്ഷാ കവചം രക്ഷകർത്താക്കൾക്കും കുട്ടികൾക്കും സൈബർ കുറ്റകൃത്യം , റോഡ് സുരക്ഷ , ലഹരി എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ | ജനുവരി, ഫെബ്രുവരി | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | ബോധവാൻ മാരാക്കുന്നു. | സംഘടിപ്പിക്കുന്നു. | | | |
| 7. | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക | നവചക്ര വാളത്തിലേക്ക് മത്സര പരീക്ഷകൾ എഴുതുവാൻ പ്രാപ്തി നേടും വിധം പൊതു വിജ്ഞാന ക്ലാസ്സുകളും ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 8. | സഹജീവികളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | കൂടെയുണ്ട് പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

# മേഖല യു പി- ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് നൽകുന്നു( കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം) | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, സംഖ്യാ കേളി) | ജൂൺ- മാർച്ച് | ഗണിത അധ്യാപകർ | |
| 2. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ സംഖ്യാ പരിചയം, നമ്പർ വിസ്മയം | നമ്പർ ചാർട്ട്, അബാക്കസ്,ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ ഗണിത പരിചയം (ഇൻക്ലൂസിവ് ലേണിംഗ്) | ആവശ്യാനുസരണം | | |
| 3. | ഗണിത മേഖലയിൽ താല്പ്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ കൊണ്ടു വരുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു. ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുന്നതിനും വരയ്ക്കുന്നതിനും | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | പ്രോത്സാഹിപ്പിക്കുന്നു. | | | |
| 4 | ഗണിതം മധുരമാക്കൽ | ചിത്രങ്ങൾ ഉപയോഗിച്ച് ഭിന്നസംഖ്യകൾ പഠിപ്പിക്കാം. അളവ് പഠിപ്പിക്കാൻ പാത്രങ്ങൾ ഉപയോഗിക്കാം. അനുപൂരക പഠനത്തിന് ഇവ പ്രയോജനപ്പെടുന്നു. | ആവശ്യാനുസരണം | | |
| 5 | കളിയും മാതൃകകളും പ്രയോഗങ്ങളും ഉപയോഗിച്ച് പഠനം ആകർഷകമാക്കുക. | ക്ലോക്ക് നിർമാണം, ബഡ്ജറ്റ് അവതരണം, കുട്ടികളുടെ വീടുകളിലെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുക. | ആവശ്യാനുസരണം | | |
| 6 | ആധുനിക ശാസ്ത്ര സാങ്കേതി വിദ്യ | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾപോലുള്ള പ്രവർത്തനങ്ങൾ<br>ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നു | ആവശ്യാനുസരണം | വർഷം തോറും | |
| 7 | വിവിധ ശേഷി വികാസങ്ങൾ, പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ നടത്തുന്നതു വഴി നിശ്ചിത ദിവസങ്ങളിലെ പ്രാധാന്യം മനസ്സിലാക്കാനും അതിൻറെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ കുട്ടികളിൽ ഓർത്തിരിക്കാനും സാധിക്കുന്നു. | | | |
| | | | | | |

| മേഖല – ഹൈസ്കൂൾ – മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

Scanned by CamScanner

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

Scanned by CamScanner

Scanned with OKEN Scanner

| മേഖല -ഹൈസ്കൂൾ -ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വസത്തോടെ ആശയവിനിമയം നടത്താൻ പ്രപ്തരാക്കുക | Story time<br>• പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭഗാങ്ങൾ കണ്ടെത്തൽ<br>• അവതരണം | വർഷത്തിൽ രണ്ടുതവണ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ് |
| 2 | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | Public speaking<br>• Audio, video സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീകിങ്ങ് അനുഭവങ്ങൾ നൽകുക<br>• അവതരണം | ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ് |
| 3 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക | Drama and theatre<br>• പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തുക<br>• Script writing<br>• അവതരണം | ശനിയാഴ്ചകൾ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ് |
| 4 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ പ്രോൽസാഹിപ്പിക്കുക | Cinema and documentary<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം | നവംബർ, ഡിസംബർ മാസങ്ങളിൽ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ് |
| 5 | സ്വതന്ത്ര വായനക്ക് സജ്ജരാക്കുക, സ്വതന്ത്രമായ | Young talents, ന്യൂസ് റീഡിംഗ്, റെസിറ്റേഷൻ, സ്പീച്ച് | ഒരു വർഷം | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | എഴുത്തിന് സജ്ജരാക്കുക | | | | |
| 6 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങളുടെ സ്വതന്ത്രമായ പ്രദർശനത്തിന് അവസരം ഒരുക്കുക | സെമിനാർ, ഇംഗ്ലീഷ് ഫെസ്റ്റ്, വേർഡ് കാർഡ്, സെന്റെൻസ് കാർഡ് | അക്കാദമിക വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപിക | |

## മേഖല : ഹൈസ്കൂൾ ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ ,ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. അക്ഷരമാല അടങ്ങിയ കാർഡ് നല്കുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 2 | ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും, വായിക്കാനും,കണ്ടെത്താനും പഠിപ്പിക്കുന്നു. | കുട്ടികൾക്ക് അക്ഷരങ്ങൾ ഉറക്കെ വായിക്കാൻ അവസരങ്ങൾ നല്കുന്നു. വർക്ക്ഷീറ്റുകൾ നല്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപിക | |
| 3 | എണ്ണങ്ങൾ, മാസങ്ങൾ,ദിവസങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥികളുടേയും പേര്,വീട്ടുപേര്,ജനനതിയതി,സ്ഥലം എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു.വർക്ക്ഷീറ്റുകൾ നല്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപിക | |
| 4 | ഹിന്ദി അനായാസം എഴുതുവാനും,വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലത്തിനു | കേട്ടെഴുത്ത്, പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നല്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | പ്രാധാന്യം നല്കുന്നു. | | | | |
| 5 | കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയംഅവതരിപ്പിക്കാൻ പരിശീലിപ്പിക്കുന്നു. | കാർട്ടൂൺ, ചിത്ര കഥ, കവിതകൾ വായനക്കായി നല്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 6 | ഓരോ മാസത്തിലും ദിനാചരണം നടത്തി കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുന്നു. | പോസ്റ്റർ നിർമ്മാണം, പ്രസംഗം, പദ്യംചൊല്ലൽ, കഥരചന, കവിതരചന, വായനമത്സര ം, കയ്യെഴുത്ത് മത്സരം, ഉപന്യാസ രചന എന്നിവ നടത്തുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 7 | സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു.ഐ. സി.റ്റി സാധ്യതയിലൂടെ ഹിന്ദി പഠനം ഉറപ്പാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസിൽ നടത്തുന്നു.പ്രോജക്ട്,അസൈൻമെന്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു.ഓരോ ആഴ്ചയിലും മാസത്തിലും നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 8 | ഹിന്ദി വ്യാകരണം കുട്ടികളെ പഠിപ്പിക്കുന്നു. വാക്യ ഘടന കുട്ടികളെ പരിചയപ്പെടുത്തുന്നു. | വിധിക്രിയ, സർവ്വ നാമം,വിശേഷണം ,കാലം എന്നിവ പഠിപ്പിച്ച് വർക്ക്-ഷീറ്റുകൾ നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 9 | കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു. | ചെറിയ ചെറിയ കവിതകളുടെ ആസ്വാദന കുറിപ്പുകൾ പരിചയപ്പെടുത്തി വിവിധ കവിതകളുടെ ആസ്വാദന കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 10 | കുട്ടികളുടെ ആശയവിനിമയ നൈപുണ്ണ്യവും ഭാഷയും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷ വസ്തുത കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു . | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 11 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | കുട്ടികൾക്ക് കൂടുതൽ പഠന പിന്തുണ നൽകുന്നു. | കുട്ടികൾക്കുവേണ്ടി പ്രത്യേകം മോഡ്യൂൾ തയ്യാറാക്കി പരീക്ഷക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു. | | | |

പ്രവർത്തനം

പേര്:ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല :അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും ഫിസിക്സ്,കെമിസ്ട്രി,ബയ ോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം

പേര്:ശാസ്ത്രയാത്രകൾ

ഉപമേഖല :അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷ ം ഒരു യാത്ര | സയൻസ് ക്ലബ്ബ് | 5000/-ഒ.എസ്.എ |

പ്രവർത്തനം

പേര്:മേളകൾ

ഉപമേഖല :അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കാം | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തി ൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/-സി എസ് ആർ ഫണ്ട് |

പ്രവർത്തനം

പേര്:പ്രതിഭാപോഷണ പരിപാടി

ഉപമേഖല :അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും,ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന | അവധി ദിവസങ്ങളിൽ | എസ്.ആർ.ജി എസ്.എസ്.ജി | 5000/-(സ്പോൺസർഷിപ്പ്) |

| | | | | |
|---|---|---|---|---|
| | കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവ് ദിനങ്ങളിൽസം ഘടിപ്പിക്കൽ | | | |

പ്രവർത്തനം

പേര്: കെമിസ്ട്രി

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ശാസ്ത്ര വിഷയങ്ങളിൽ കുട്ടികളിൽ ആഭിമുഖ്യം ജനിപ്പിക്കുക. | • വിവിധ വ്യവസായ ശാലകളിലേക്ക് പഠനയാത്രകൾ<br>• സയൻസ് ക്ലബ്ബ് രൂപീകരണം<br>• ശാസ്ത്രജ്ഞൻമാരെ ക്കുറിച്ചുള്ള സെമിനാറുകൾ നടത്തുക. ആൽബം തയ്യാറാക്കുക | ജൂൺ-ജൂലൈ | രസതന്ത്ര അധ്യാപിക | പി.റ്റി.എ |
| • ഗവേഷണ താൽപര്യം ഉള്ള കുട്ടികളെ കണ്ടെത്തുക | • സയൻസ് എക്സിബിഷൻ<br>• ഗവേഷണ രംഗത്ത് പ്രഗൽഭരായവരെ ക്കൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക. | ആഗസ്റ്റ്-സെപ്റ്റംബർ | രസതന്ത്ര അധ്യാപിക | സ്കൂൾ |
| • ക്ലാസ് റൂം പഠനം രസകരമാക്കുക | • ലബോറട്ടറി,സ്മാർട്ട് ക്ലാസ്സ് ഇവയുടെ ഉപയോഗത്തോടെ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഒരുക്കി കൊടുക്കുക | ജൂൺ-ഡിസംബർ | രസതന്ത്ര അധ്യാപിക | പി.റ്റി.എ |
| • രസതന്ത്രത്തിൽ ഉന്നത വിദ്യാഭ്യാസം നേടുന്നവരെ കണ്ടെത്തുക | • എല്ലാമാസവും സയൻസ് ക്വിസ് നടത്തുക | ജൂൺ-ഡിസംബർ | രസതന്ത്ര അധ്യാപിക | പി.റ്റി.എ |
| • അക്കാദമിക രംഗത്ത് ഉന്നത വിജയം ഉറപ്പിക്കുവാൻ കുട്ടികളെ തയ്യാറാക്കുക | • പാഠഭാഗങ്ങൾ ഗ്രൂപ്പ് തിരിച്ച് ആവർത്തിച്ച് പഠിക്കാൻ സ്കൂളിൽ തന്നെ അവസരം ഒരുക്കുക. | ജനുവരി-ഫെബ്രുവരി | പ്രിൻസിപ്പൽ കെമിസ്ട്രി ടീച്ചർ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| | • റിവിഷൻ ടെസ്റ്റുകൾ നടത്തുക<br>• പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുക | | | |

പ്രവർത്തനം

പേര്: ബയോളജി

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുക | ഓരോ പാഠഭാഗങ്ങളും ലാബുകൾ,ൈഎ,സി.റ്റി,ലൈബ്രറി എന്നിവയുടെ സഹായത്തിൽബോധ്യപ്പെടുത്തുക.ഇതിനായി ലാബുകൾ,സ്മാർട്ട് റൂമുകൾ,സയൻസ് ലൈബ്രറി എന്നിവ മെച്ചപ്പെടുത്തുക | ഒരു വർഷം | പ്രിൻസിപ്പൽ അധ്യാപകൻ | |
| ശാസ്ത്ര അവബോധം കുട്ടികളിൽ വളർത്തുക. കുട്ടികളുടെ ഗവേഷണ അഭിരുചി കണ്ടുപിടിച്ച് വളർത്തുക | കുട്ടികളുടെ സാഹചര്യങ്ങൾ വച്ചുതന്നെ ചെറിയ ചെറിയ പരിക്ഷണങ്ങൾ അവരെക്കൊണ്ട് തന്നെ ചെയ്യിക്കുക. ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുക.ഗവേഷകരുമായി സംവദിക്കാനുള്ള അവസരം ഉണ്ടാക്കുക. | ഒരു മാസം | പ്രിൻസിപ്പൽ അധ്യാപകൻ സയൻസ് ക്ലബ്ബ് | |
| പരിസ്ഥിതിയെക്കുറിച്ച് പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ ആവശ്യതയെക്കുറിച്ചും കുട്ടികളിൽ അറിവ് ഉണ്ടാക്കുക. | മലിനീകരണത്തിന്റെ ദൂഷ്യവശങ്ങൾനേരിട്ട് കണ്ട് മനസ്സിലാക്കി,സ്വന്തം പരിസരവും,സ്കൂളും വൃത്തിയായി സൂക്ഷിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുക.ബയോഗ്യാ | ഒരു വർഷം | പി.റ്റി.എ പ്രിൻസിപ്പൽ സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | സ് പ്ലാൻ്റ് സ്ഥാപിക്കുക. | | | |
| ജൈവ വൈവിധ്യം സംരക്ഷിക്കുക | ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാക്കുക.സ്കൂൾ കാമ്പസിലുള്ള വൃക്ഷങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കുക.ശലഭഉദ ്യാനം നിർമ്മിക്കുക.നക്ഷത്ര വനം നിർമ്മിക്കുകയും,പരിപ ാലിക്കുകയും ചെയ്യുക,പച്ചക്കറി തോട്ടങ്ങൾ പരിപാലിക്കുക. | | | |
| വിദ്യാർത്ഥികളുടെ ആരോഗ്യ ശീലങ്ങൾ മെച്ചപ്പെടുത്തുക. | ആരോഗ്യ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തി ശുചിത്വം ഉറപ്പാക്കുക.പകർച്ച വ്യാധികളെക്കുറിച്ച് ബോധവൽക്കരിക്കാൻ ആരോഗ്യ മേഖലയിൽ നിന്നും സഹായം തേടുക | 2 വർഷം | പി.റ്റി.എ പ്രിൻസിപ്പൽ ഹെൽത്ത് ക്ലബ്ബ് അധ്യാപിക | |

മേഖല-ഹൈസ് ക്കൂൾ-സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം(നിശ്ചയിച്ച തീയതികളിൽ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പഠിതാക്കളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | അറ്റ്ലസ് നിർമ്മാണം, ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | വിജ്ഞാനം വളർത്തുക. | പരിപോഷിപ്പിക്കുന്ന ക്വിസുകൾ,ദിനാചരണങ്ങൾ,സംവാദം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക.<br>ചരിത്ര സിനിമ പ്രദർശനം. | | | |
| 5 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക. | വർഷം മുഴുവനും | | |
| 6 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും,ജലാശയങ്ങളെക്കുറിച്ചും,സമുദ്രങ്ങൾ,കാറ്റുകൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | സാമൂഹ്യ മത്സര വേദിയിലേയ്ക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന രീതിയിലേയ്ക്ക് അവരെ പ്രാപ്തരാക്കി മാറ്റുക | അക്കാദമിക വർഷം | അധ്യാപകർ | |

# മേഖല -ഹൈസ്കൂൾ -ഗണിത ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കി ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഹകണ്ടെത്തി അവരെ മുൻ നിരയിലേയ്ക്ക് എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ | സ്കൂൾ ആരംഭം | അധ്യാപകർ | |
| 2. | നിർ മ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പശാലകൾ, സെമിനാറുകൾ, അസൈൻ മെൻറുകൾ തുടങ്ങിയവയിലൂടെ നിർ മ്മിതികൾ മനസ്സിലാക്കുക. | തുടർ പ്രവർ ത്തനം | അധ്യാപകർ | |
| 3. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | നിത്യജീവിതത്തിൽ കണ്ടുകൊണ്ടിരിക്കുന്നതും ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ ഗണിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കി കൊടുക്കുക. | അക്കാദ മിക വർഷം | അധ്യാപകർ | |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉ ടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ | ഗണിത ക്ലബ്ബിൻറ പ്രവർ ത്തനങ്ങൾ സംഘടിപ്പിക്കുന്നു. | | അധ്യാപകർ, ഗണിത ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | പരിചയപ്പെടൽ | | | | |
| 5. | അധ്യാപകർ കാലാനുസൃതമ ായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | സബ്ജക്ട് കൗൺസിലിന്റെ കൂട്ടായ പ്രവർത്തനം ,ചർ ച്ചകൾ, പഠനാസൂത്രണം എന്നിവയിലൂടെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയുന്നു. | അക്കാദ മിക വർഷം | സബ്ജക്ട് കൗൺസിൽ | |
| 6. | സംഘബോധം ഉണ്ടാക്കൽ | സംഘപഠനത്തിലൂടെ വിഷയങ്ങൾ ചർച്ച ചെയ്ത് ഗ്രൂപ്പ് ആക്ടിവിറ്റി കൂടുതൽ നല്ല രീതി ആണെന്ന ലക്ഷ്യത്തിൽ എത്താൻ കഴിയും. | അക്കാദ മിക വർഷം | അധ്യാകർ, കുട്ടികൾ | |
| 7. | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | കുട്ടികളെയും അധ്യാപകരെയും മാത്രമല്ല സമീപ പ്രദേശങ്ങളിൽ ഗണിതത്തിൽ മികവുറ്റ നിൽ ക്കുന്ന ആളുകളുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തി ഗണിത ഗ്രാമം രൂപീകരിക്കുക. പുതിയ ആശയങ്ങൾ ശേഖരിച്ച് ക്രിയേറ്റീവ് ആയ പ്രവർ ത്തനങ്ങൾ നടത്തുക. | അക്കാദ മിക വർഷം | അധ്യാപകർ | |
| 8 | ഗണിത മത്സര വേദിയിലേയ്ക്ക് | ഗണിത ക്ലബ്ബിൻറെ പ്രവർ ത്തനങ്ങൾ മെച്ചപ്പെടുത്തി മത്സരങ്ങൾക്ക് കുട്ടികളെ | അക്കാദ മിക വർഷം | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | പങ്കെടുപ്പിക്കുന്ന രീതിയിലേയ്ക്ക് അവരെ പ്രാപ്തരാക്കുക. | | | |
| 9. | ഗണിത ലാബ് | ശില്പശാലകൾ, ചർച്ചകൾ ഇവയിലൂടെ ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | അക്കാദ മിക വർഷം | അധ്യാപകർ | |
| 10. | ഫീൽഡ് ട്രിപ്പ് | നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പ് നടത്തൽ | അക്കാദ മിക വർഷം | അധ്യാപകർ | |
| 11. | രക്ഷിതാക്കളെ ബോധ്യപ്പെടു ത്തൽ | ഗണിതമേഖലയിലേയ്ക്ക കുട്ടികളെ ചേർത്തു നിർ ത്താൻ വേണ്ടി രക്ഷിതാക്കളെ ബോധവല്ക്കരിക്കുക. | അക്കാദമിക വർഷം മുഴുവനും. | അധ്യാപകർ, രക്ഷിതാക്ക ൾ | |

## മേഖല -കലാ വിദ്യാഭ്യാസം -ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനാ കളരി | മധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യവേനൽ അവധിക്കാലം | എസ്. ആർ.ജി | 10000/- എസ്.ഡി.സി |
| കലാവാസനകൾക്ക്പ് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനം | അവധിദിവസങ്ങളിൽ | ആർട്ട് ക്ലബ് കലാ അധ്യാപകൻ | 25000/- സി. എസ്. ആർ |

### മേഖല - പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്ധ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് | വർഷത്തിൽ ഒരുതവണ | എസ് ആർ ജി, എസ് എസ് ജി | 5000/- |

| | | | | |
|---|---|---|---|---|
| | ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | | | |

**മേഖല -അക്കാദമികം -ജൈവവൈവിധ്യ പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയുവാൻ അവസരം കൊടുക്കുക | സ്കൂളിൽ സൗകര്യപ്രദമയ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു പ്രാവശ്യം | എസ് ആർ ജി | 25000/- എസ് എസ് എ |

**മേഖല -അക്കാദമികം- ക്ലാസ് പി ടി എ സജീവമാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽപോഷകാ | ക്ലാസ് പി ടി എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠന | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഹാര പരിപാടി | പുരോഗതി പരിശോധിക്കൽ | | | |

**മേഖല -അക്കാദമികം - പോഷകാഹാര പരിപാടി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു അനുസരിച്ച് പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ച ഭക്ഷണ ചുമതലയുള്ള HM, പി ടി എ | 5000/- സി എസ് ആർ ഫണ്ട് |

**മേഖല – ഭൗതികം - മതിൽ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ | ഒരു വർഷം | പി ടി എ എൽ.എസ് ജി ഡി | 10 ലക്ഷം ജില്ലാപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| സംരക്ഷിക്കൽ | നിർമ്മിക്കുക . മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | | | |

**മേഖല: ഭൗതികം**

**മൈതാന നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മൽസരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമിക്കൽ | രണ്ടു വർഷം | പി ടി എ എൽ.എസ് ജി ഡി | 80 ലക്ഷം ജില്ലാപഞ്ചായത്ത് |

**മേഖല - ഭൗതികം**

**സ്റ്റാഫ് റൂം നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | ഹൈസ്കൂൾ വിഭാഗത്തിന് പ്രത്യേകം ഉപയോഗിക്ക ാൻ കഴിയുന്ന വിധത്തിൽ വിശാലമായ സ്റ്റാഫ് റൂം ഒരുക്കൽ | ഒരു വർഷം | പി ടി എ | 5 ലക്ഷം എം എൽ എ ഫണ്ട് |

**മേഖല - ഭൗതികം**

**ഡൈനിംഗ് ഹാൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം= പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ | രണ്ടു വർഷം | പി ടി എ എൽ.എസ് ജി ഡി | 5 ലക്ഷം എം പി ഫണ്ട് |

| | | | | |
|---|---|---|---|---|
| | ഡൈനിംഗ് ഹാൾ ഒരുക്കൽ | | | |

**മേഖല - ഭൗതികം**

**ഓഫീസ് ഡിജിറ്റലൈസേഷൻ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രെജിസ്റ്റർ മാർക്ക് റെജിസ്റ്റർ അറ്റെൻഡൻസ് രെജിസ്റ്റർ ടി സി രെജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിൽ മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം | രണ്ടു വർഷം | എച്ച് എം, ക്ലാർക്ക് ,എസ് ആർ ജി കൺവീനർ | 5 ലക്ഷം സി എസ് ആർ ഫണ്ട് |

| | | | | |
|---|---|---|---|---|
| | വേഗത്തിൽ ലഭ്യമാക്കലും | | | |

**മേഖല - ഭൗതികം**

**മാലിന്യസംസ്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ് എസ് ജി | 1 ലക്ഷം ജില്ലാ പഞ്ചായത്ത് |

മേഖല - ഭൗതികം

കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ് ടബ്ബ് എന്നിവയിലേയ്ക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറ് മാസം | പി ടി എ | 2 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് |

**മേഖല - ഭൗതികം**

**മെഡിക്കൽ ക്യാംപ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്ന് വീതം | എച്ച് എം, പി ടി എ | 10000 പി ടി എ |

## ഉപസംഹാരം

വെള്ളത്തുവൽ ഗവൺമെൻറ്  ഹയർ സെക്കൻററി സ്കൂളിൻറെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിൻറയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.